കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അഴീക്കോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് -2015-16

# ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail:*lfaddistoffice@gmail.com*

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ.സി10/1989/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇ-മെയിൽ -lfaddistofficeknr@gmail.com

വെബ് -www.lfa.kerala.gov.in

ഫോൺ.0497-2707698

തീയതി. 9.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

അഴീക്കോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അഴീക്കോട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

-----------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഴിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-9, 3-11, 3-13 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ
ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

പി.പി.യു

നം.കെ.എസ്.എ/കെ.എൻ.ആർ/സി.10/1989/2016

തിയ്യതി: 9.01.2017

# കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

പഞ്ചായത്ത് 01-04-2015 മുതൽ 31-03-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. അശോകൻ മാത്തിൽ,<br>ഡെപ്യൂട്ടി ഡയറക്ടർ . | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-10-2016 മുതൽ 31-10-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1.ശ്രീ. എം പി ശശികുമാർ | ഓഡിറ്റ് ഓഫീസർ |
| | 2.കുമാരി.ചന്ദ്രി കെ വി | അസി.ഓഡിറ്റ് ഓഫീസർ |
| | 3.ശ്രീ .ഗണേശൻ കേളോത്ത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | | |
| | 4.ശ്രീമതി. നിഷ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ.കെ പവിത്രൻ | 01-04-2015 മുതൽ 31-10-2015 വരെ |
| 2 | ശ്രീ.വി.രഘുധരൻ, സെക്രട്ടറി<br>ശ്രീ.ജിദേഷ്. സി വി,<br>കൃഷി ഓഫീസർ<br>ശ്രീമതി.ശ്യാമള. സി.വി,<br>ഐസിഡിഎസ് സൂപ്പർവൈസർ<br>(ഭരണ നിർവ്വഹണ സമിതി) | 01 -11-2015 മുതൽ 19-11-2015 വരെ |
| 3 | ശ്രീമതി.സി പ്രസന്ന | 20 -11-2015 മുതൽ 31-03-2016 വരെ |

സെക്രട്ടറി

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീമതി.ഉഷ പി.പി | 01-04-2015 മുതൽ 24-07-2015 വരെ |
| 2 | ശ്രീ.വി.രഘുധരൻ | 25-07-2015 മുതൽ 31-03-2016 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.പി പ്രദീപ് കുമാർ | 01-04-15 മുതൽ 18-08-15വരെ |
| | ശ്രീ.അബ്ദുൾ ഖാദർ ടി പി | 19-08-15 മുതൽ 24-09-15വരെ<br>(അധിക ചുമതല) |
| | ശ്രീ.കെ പി അനിൽകുമാർ | 25-09-15 മുതൽ 31-03-16 വരെ |

| | | |
|---|---|---|
| | | |
| കൃഷി ഓഫീസർ | ശ്രീ.ജിദേഷ് സി വി | 01-04-15 മുതൽ 31-03-16വരെ |
| വി ഇ ഒ (സൌത്ത്) | ശ്രീമതി.ശബാന വി പി | 01-04-15 മുതൽ 31-03-16വരെ |
| വി ഇ ഒ(നോർത്ത്) | ശ്രീ.നൗഷാദ് കെ ബി | 01-04-15 മുതൽ 31-03-16വരെ |
| അസി.എഞ്ചിനിയർ | ശ്രീമതി.ശിഖ കെ | 01-04-15 മുതൽ 16-07-15വരെ<br>08-09-15 മുതൽ 30-12-15വരെ |
| | ശ്രീ.സി വി മോഹനൻ | 17-07-15 മുതൽ 07-09-15വരെ |
| | ശ്രീ.ജാക്സൺ ജോസഫ് | 31-12-15 മുതൽ 31-03-16വരെ |
| ഐസിഡിഎസ് സൂപ്പർ വൈസർ | ശ്രീമതി.ശ്യാമള സി വി | 01-04-15 മുതൽ 31-03-16വരെ |
| മെഡിക്കൽ ഓഫീസർ (സി എച്ച് സി) | ശ്രീ.ഡോ.സന്തോഷ് ബി | 01-04-15 മുതൽ 31-03-16വരെ |
| എച്ച് എം (അധിക ചുമതല) | ശ്രീമതി. സത്യശീല (സീനിയർ അസിസ്റ്റന്റ്) | 01-04-15 മുതൽ 21-05-15വരെ |
| എച്ച് എം | ശ്രീമതി.കെ ചന്ദ്രി | 22-05-15 മുതൽ 31-05-15വരെ |
| എച്ച് എം | ശ്രീമതി.ആർ ലതിക | 01-06-15 മുതൽ 31-03-16വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.ഡോ.ഒ എം അജിത | 01-04-15 മുതൽ 31-03-16വരെ |

| | | |
|---|---|---|
| | | |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീ.ഡോ.രാമസുബ്രഹ്മണ്യൻ | 01-04-15 മുതൽ 31-03-16വരെ |
| ഫീഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ.ലൂസി ഐ | 01-04-15 മുതൽ 31-03-16വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം - I<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |
| | ഭാഗം-II<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | കടവ് ലേലം -വിഹിതം കൃത്യമായി ലഭിക്കുന്നില്ല. | 2(1) | |
| 12 | പരസ്യനികുതി ഈടാക്കിയില്ല. | 2(2) | |
| | ഭാഗം-III<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | തെരുവ് വിളക്ക് പരിപാലനം-₹20,490/-രൂപ നഷ്ടം | 3(1) | |
| 14 | ചെലവിന്റെ വിനിയോഗവിവരം ഹാജരാക്കിയില്ല. ₹3,76,344 തടസ്സപ്പെടുത്തുന്നു. | 3(2) | |

| | | | |
|---|---|---|---|
| 15 | പൊതു ടാപ്പുകളുടെ വെള്ളക്കരം -സംയുക്തപരിശോധന നടത്തിയിട്ടില്ല. | 3(3) | |
| 16 | ഡെപ്പോസിറ്റ് പ്രവൃത്തികൾ -ചെലവഴിക്കാൻ ബാക്കിയുള്ള തുക ഈടാക്കേണ്ടതാണ്. | 3(4) | |
| 17 | സമയപരിധിക്കകം -എഗ്രിമെന്റ് വെക്കാത്തത്-നിയമാനുസൃത പിഴ ഈടാക്കിയില്ല. | 3(5) | |
| 18 | റോഡ് സോളിങ്ങ് പ്രവൃത്തി അപാകങ്ങൾ-₹67,240/-രൂപ തടസപ്പെടുത്തുന്നു | 3(6) | |
| 19 | ഗുണഭോക്തൃസമിതി-പ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 3(7) | |
| 20 | മരാമത്ത് പ്രവൃത്തികൾ - രജിസ്റ്ററുകൾ പൂർണ്ണമല്ല. | 3(8) | |
| 21 | മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നില്ല.₹81,020/-രൂപ തടസപ്പെടുത്തുന്നു. | 3(9) | |
| 22 | അംഗൻവാടികളുടെ അടിസ്ഥാന സൌകര്യ വികസനം-അവലോകനം | 3(10) | |
| 23 | സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കിയില്ല.12,437/-രൂപ തടസപ്പെടുത്തുന്നു | 3(11) | |
| 24 | ഭവനനിർമ്മാണം പൂർത്തിയാക്കാത്തത്. | 3(12) | |
| 25 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി. ₹76,475/-രൂപ തടസപ്പെടുത്തുന്നു | 3(13) | |
| 26 | കന്നുകുട്ടി പരിപാലനം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ₹2,68,676/-തുക തടസപ്പെടുത്തുന്നു. | 3(14) | |
| 27 | ഐ എ വൈ ഭവനപദ്ധതി അപാകങ്ങൾ-₹2,40,000 തടസപ്പെടുത്തുന്നു | 3(15) | |
| 28 | വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല.₹34,500 തടസപ്പെടുത്തുന്നു. | 3(16) | |
| 29 | മഹാത്മ ഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതി-അവലോകനം | 3(17) | |
| | ഭാഗം-IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 33 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |

| | | | |
|---|---|---|---|
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 35 | ഓഡിറ്റ് റിക്കവറി | 4(6) | |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |
| 37 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) | |
| 38 | ഓഡിറ്റ് ഇംപാക്ട് | 4(9) | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4(10) | |
| 40 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(11) | |
| | അനുബന്ധങ്ങൾ | | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |
| | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | | |
| | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | | |
| | ബാലൻഷീറ്റ് | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 11.03.2015 ലെ 20/2015 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+) (-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 1,42,91,842.00 | 6,01,17,371.55 | 4,58,25,529.55 | | |
| വരവ് | 10,38,41,150.00 | 4,48,41,049.00 | 5,90,00,101.00 | 5,90,00,101.00 | (-)56.8% |
| ആകെ | 11,81,32,992.00 | 10,49,58,420.55 | | 13,17,451.45 | (-)11.1% |
| ചെലവ് | 10,52,46,562.00 | 6,18,04,795.00 | 4,34,41,767.00 | 4,34,41,787.00 | (-)41.2% |
| നീക്കിയിരിപ്പ് | 1,28,86,430.00 | 4,31,53,625.55 | 3,02,67,195.55 | | |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 2015-16 | 31.07.2016 | 15-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ന്യൂനതകൾ

1. ആസ്തി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബാലൻസ്ഷീറ്റിലെ B-11 ഷെഡ്യൂളിലെ ആസ്തികളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2. വസ്തുനികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 6,01,17,371.55 |
| വരവ് | 4,48,41,049.00 |
| ആകെ | 10,49,58,420.55 |
| ചെലവ് | 6,18,04,795.00 |
| നീക്കിബാക്കി | 4,31,53,625.55 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 64,69,895 | 0 | 64,69,895 | 1,74,50,985 | 1,09,81,090 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 32,75,596 | 25,82,618 | 58,58,214 | 27,82,618 | 30,75,596 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 4,76,039 | 39,30,466 | 44,06,505 | 46,48,136 | (+)2,41,631 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 23,33,216 | 11,04,609 | 34,37,825 | 31,96,194 | (-)2,41,631 | 0 |
| ധനകാര്യ കമ്മീഷൻ | 25,01,350 | 73,29,607 | 98,30,957 | 63,08,463 | 35,22,494 | 0 |

| | | | | | | |
|---|---|---|---|---|---|---|
| അവാർഡ് | | | | | | |
| ലോക ബാങ്ക് സഹായം | 43,83,000 | 40,53,580 | 84,36,580 | 40,53,580 | 43,83,000 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | അതിൽ ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 192 | 120 | 27 | 72 | 48 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 19 | 78,99,389 | 52,01,953 | 65.8 |
| കൃഷി ഓഫീസർ | 7 | 6 | 55,15,000 | 36,09,109 | 65.4 |
| വെറ്റിനറി സർജൻ | 5 | 5 | 19,50,000 | 6,61,560 | 33.9 |
| മെഡിക്കൽ ഓഫീസർ ( സി എച്ച് സി) | 1 | 1 | 4,30,000 | 4,07,575 | 94.7 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 5,00,000 | 5,00,000 | 100 |
| വി ഇ ഒ | 16 | 10 | 1,58,02,000 | 62,88,300 | 39.7 |

| | | | | | |
|---|---|---|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | 2 | 2 | 31,21,500 | 30,32,553 | 97 |
| ഹെഡ് മാസ്റ്റർ ജി യു പി എസ് | 6 | 5 | 20,25,075 | 12,14,541 | 59.9 |
| അസി.സെക്രട്ടറി | 10 | 8 | 50,10,000 | 20,63,345 | 41 |
| സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 1 | 2,52,000 | 2,28,496 | 90.6 |
| അസി.എഞ്ചിനിയർ | 115 | 61 | 5,18,36,837 | 2,44,02,848 | 47 |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ തനത് വരുമാനത്തിൽ താഴെപറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 79,18,093 | 59,16,682 | (-)20,01,411 | (-)25.2% |
| നികുതിയേതര വരവുകൾ | 4,33,629 | 7,29,337 | (+)2,95,708 | (+)68% |
| മറ്റ് വരവുകൾ | 8,16,587 | 8,55,825 | (+)39,238 | (+)4.8% |
| ആകെ | 91,68,309 | 75,01,844 | (-)16,66,465 | (-)18.1% |

## 1-8 ക്ഷേമ പദ്ധതികൾ

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 6 | 4 | 1 | കാലതാമസമില്ല. |
| 2 | തൊഴിൽ രഹിത വേതനം | 15 | 8 | 5 | ടി |
| 3 | വിധവാ പെൻഷൻ | 121 | 105 | 7 | ടി |
| 4 | വികലാംഗ പെൻഷൻ | 30 | 20 | 3 | ടി |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 40 | 32 | 5 | ടി |
| 6 | വാർദ്ധക്യകാല പെൻഷൻ | 990 | 875 | 45 | ടി |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-10-2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 59,552/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 19-04-2016 മുതൽ 22-04-16 വരെ | 01-02-2016 മുതൽ 31-03-2016 വരെ | 19-08-2016 | ഇല്ല. |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 27-07-2013 | 2008-09 മുതൽ | 27-09-2013 | ഇല്ല. |

| | | | | | |
|---|---|---|---|---|---|
| | | | 2012-3 വരെ | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കടവ് ലേലം - വിഹിതം കൃത്യമായി ലഭിക്കുന്നില്ല – ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

അഴീക്കോട് ഗ്രാമപഞ്ചായത്തിൽ അഴീക്കോട് ഫെറിക്ക് സമീപം സ്ഥാപിക്കപ്പെട്ട ബോട്ട് ജെട്ടിയിൽ നിന്നും മാട്ടൂൽ-അഴീക്കോട് ബോട്ട് സർവീസ് നടത്തിവരുന്നുണ്ട്.ഈ കടത്തിന്റെ കുത്തകാവകാശം മാട്ടൂൽ ഗ്രാമപഞ്ചായത്തിനാണ്. മാട്ടൂൽ ഗ്രാമപഞ്ചായത്ത് ലേലം നടത്തുകയും, വിഹിതം അഴീക്കോട് ഗ്രാമപഞ്ചായത്തിന് നൽകുകയുമാണ് ചെയ്തുവരുന്നത്. കടവിന്റെ നടത്തിപ്പ് കൈകാര്യം ചെയ്യുന്ന പഞ്ചായത്ത് എന്ന നിലയിൽ കടവിന്റെ വരുമാനത്തിന്റെ 60% മാട്ടൂൽ ഗ്രാമപഞ്ചായത്തിനും, 40% അഴീക്കോട് ഗ്രാമപഞ്ചായത്തിനും എന്ന നിലയിലാണ് നിശ്ചയിച്ചിട്ടുള്ളത്.

1995-96 മുതൽ 2012-13 വരെയുള്ള കാലയളവിലായി മാട്ടൂൽ ഗ്രാമപഞ്ചായത്തിന് കടവ് ലേലയിനത്തിൽ ആകെ 17,31,277 രൂപ ലഭിച്ചിരുന്നു.(2013-14 വർഷം മുതൽ ലേലം നടന്നിട്ടില്ല.) ₹17,31,277 യുടെ 40% വിഹിതമായി 6,92,511രൂപ അഴീക്കോട് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതാണ്. എന്നാൽ നാളിതുവരെയായി താഴെപ്പറയും പ്രകാരം 3,00,000രൂപ മാത്രമാണ് ലഭിച്ചത്.

| തുക | ചെക്ക് നമ്പർ |
|---|---|
| 1,00,000 | 97920/31-3-08 |
| 1,00,000 | 97949/31-3-09 |
| 1,00,000 | 97997/01-01-10 |

ബാക്കി ലഭിക്കുവാനുള്ള 3,92,511/-രൂപ അഴീക്കോട് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ 28-12-15 ലെ സി-2- 41076/15 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 17-2-16ന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ അഴീക്കോട്, മാട്ടൂൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടേയും, പ്രസിഡന്റ്മാരുടേയും യോഗം ചേർന്നിരുന്നു. ഈ യോഗത്തിൽ അഴീക്കോട് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുക 31-3-16 നകം കൊടുത്തു തീർക്കുന്നതിൽ മാട്ടൂൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല. അഴീക്കോട് ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള 3,92,511/- രൂപ എത്രയും പെട്ടെന്ന് മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കാനുള്ള സത്വരനടപടികൾ കൈക്കൊള്ളുന്നതിനായി ഭരണസമിതിയുടെയും, അധികൃതരുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 പരസ്യനികുതി ഈടാക്കിയില്ല-തനത് വരുമാനത്തിൽ നഷ്ടം.

ഒരു ഗ്രാമ പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ ചുവരിൻമേലോ പരസ്യപ്പലകയിൻമേലോ എടുപ്പിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം

കുത്തനെ നിർത്തുകയോ, പ്രദർശിപ്പിക്കുകയോ ഉറപ്പിച്ച കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം പരസ്യ നികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ അഴീക്കോട് ഗ്രാമ പഞ്ചായത്തിന് 2015-16 സാമ്പത്തിക വർഷം പരസ്യ നികുതിയിനത്തിൽ വരവുണ്ടായിട്ടില്ല. 209-ാം വകുപ്പ് പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലോകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ് എന്ന് 1994 ലെ കേരള പഞ്ചായത്തീരാജ് നിയമത്തിലെ സെക്ഷൻ 209 ഡി യിൽ നിഷ്കർഷിച്ചിട്ടുണ്ട്. നാളിതുവരെയായി ഈ ഇനത്തിൽ നികുതി ഏർപ്പെടുത്തി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കാതിരുന്നത് ഉചിതമായില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.പ്രസ്തുത നികുതി എത്രയും പെട്ടെന്ന് പ്രാബല്യത്തിൽ വരുത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവുവിളക്ക് പരിപാലനം - അപാകങ്ങൾ

1) തെരുവുവിളക്ക് റിപ്പയർ - അധികം നൽകിയ 20,490/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | - | സെക്രട്ടറി |
| പ്രോജക്റ്റ് | - | 26/16, തെരുവുവിളക്ക് റിപ്പയർ |
| അടങ്കൽ | - | 2,00,000(വികസനഫണ്ട്) |
| 4,00,000(പ്രത്യേകഗ്രാന്റ്) | | |
| ആകെ | | 6,00,000 |
| ചെലവ് | - | 2,00,000(ബിൽ.17/15-16,31-10-15) |
| 121400(32/15-16,22-3-16) | | |
| 88400(41/15-16,31-3-16) | | |
| ആകെ | | 4,09,800 |

ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതു പ്രകാരം എലൈറ്റ് ഇലക്ട്രിക്കൽസ് ചക്കരക്കൽ എന്ന സ്ഥാപനത്തിനെ പ്രവൃത്തി ഏൽപ്പിച്ചിട്ടുണ്ട്.ടെണ്ടർ പ്രകാരം ട്യൂബ്/സിഎഫ്എൽ റിപ്പയർ ചെയ്യുന്നതിന് ക്വാട്ട് ചെയ്ത നിരക്ക് ഒരെണ്ണത്തിന് 190/- രൂപയാണ്. പ്രസ്തുത പ്രവൃത്തിക്ക് മൂന്നു ബില്ലുകളിലായി ആകെ 4,09,800/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.വിളക്ക് ഒന്നിന് ക്വാട്ട് ചെയ്ത നിരക്ക് 190/- രൂപയാണെങ്കിലും, 2,049 വിളക്കുകൾക്ക് 200/- രൂപ നിരക്കിലാണ് റിപ്പയർ ചാർജ്ജ് നൽകിയിട്ടുള്ളത്. ആകയാൽ ഈയിനത്തിൽ 20,490/- രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്. അധികം നൽകിയ തുക കരാറുകാരനിൽ നിന്ന് പലിശ സഹിതം ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. തെറ്റായ തുക നൽകിയതിനിടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

2049 വിളക്കുകൾ റിപ്പയർ ചെയ്തതിനാണ് തുക നൽകിയിട്ടുള്ളത്.തദ്ദേശ ഭരണവകുപ്പിന്റെ 15-9-11 ലെ 3055/ഡിഎ3/11 നമ്പർ സർക്കുലർ പ്രകാരം തെരുവുവിളക്കിന് എ.എം.സി നൽകുന്നതിനുള്ള

നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കുലർ പ്രകാരം വാർഷിക മെയിന്റനൻസ് കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ എണ്ണം കണക്കാക്കിയ ശേഷം മാത്രമേ കരാർ നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശോധന നടത്താതെയാണ് കരാർ നൽകിയിട്ടുള്ളത്. തെരുവുവിളക്കുകൾ സംബന്ധിച്ച കൃത്യമായ കണക്കുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കരാറുകാരന് നൽകിയ തുകയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)<u>തെരുവുവിളക്ക് - കണക്കുകൾ സൂക്ഷിക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്ത് 2015-16 വർഷത്തിൽ പ്രതിമാസം 66,661/- രൂപ വീതം തെരുവുവിളക്ക് വൈദ്യുതി ചാർജിനത്തിൽ ഒടുക്കിയിട്ടുണ്ട്.എന്നാൽ വിളക്കുകളുടെ എണ്ണം, ചാർജ് പട്ടിക എന്നിവയുടെ അടിസ്ഥാനത്തിലുള്ള ഇൻവോയ്സ് കെ.എസ്.ഇ.ബി ഗ്രാമപഞ്ചായത്തിന് നൽകുന്നില്ല.തെരുവുവിളക്കുകളുടെ എണ്ണം, ഇനം (ബൾബ്,ട്യൂബ്, സിഎഫ്എൽ, എസ്.വി.എൽ) എന്നിവ കാണിക്കുന്ന രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇബിയുമയി ചേർന്ന് സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതും, പ്രകാശിക്കാത്ത വിളക്കുകൾക്ക് ചാർജ് ഒടുക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-2 <u>തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല- ചെലവുതുക 3,76,344 തടസ്സപ്പെടുത്തുന്നു.</u>

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് 25/16, പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

അടങ്കൽ - 4,00,000(വികസനഫണ്ട്)

73,824(ധന.കാ.കമ്മീഷൻ)

3,26,176 (തനത് )

ആകെ 8,00,000

ചെലവ് - 3,36,344 (7/15-16,25-8-15)

40,000 (37/15-16, 28-3-16)

ആകെ 3,76,344

പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 3,36,344/- രൂപ ചെലവഴിച്ച് താഴെപ്പറയുന്ന തെരുവു വിളക്ക് സാമഗ്രികൾ ക്രൂസിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | വില |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സിഎഫ്എൽ 14 വാട്സ് | 1,000 | 1,47,000. |
| 2 | ഹോൾഡർ(ബൾബ്&സിഎഫ്എൽ) | 500 | 11,501.53 |
| 3 | ബൾബ്ഷേഡ് | 500 | 33,502.70 |
| 4 | 2.5എംഎംവയർ 2 കോർ | 4 | 2,672.00 |
| 5 | 22 വാട്ട് സിഎഫ്എൽ | 100 | 38,669.86 |
| 6 | 11 വാട്ട് 4പിൻ ലാമ്പ് സിഎഫ്എൽ | 200 | 17,799.60 |
| 7 | 36/40 വാട്ട് ട്യൂബ് ലൈറ്റ് | 500 | 22,499.25 |
| 8 | കോപ്പർ ബലാസ്റ്റ്36/40 വാട്ട് ട്യൂബ് ലൈറ്റ് | 300 | 53,699.36 |
| 9 | സ്റ്റാർട്ടർ | 500 | 5,501.73 |
| 10 | സൈഡ് ഹോൾഡർ 40 വാട്ട് ട്യൂബ് ലൈറ്റ് | 500 | 3,497.98 |
| | | ആകെ | 3,36,344.00 |

വാങ്ങിയ സാമഗ്രികളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവ വിതരണം ചെയ്തതിന്റെയും സ്ഥാപിച്ചതിന്റെയും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 200 വിളക്കുകളുടെ സൂപ്പർവിഷൻ ചാർജിനത്തിൽ 40,000 രൂപ കെ.എസ്.ഇ.ബിക്കും നൽകിയിട്ടുണ്ട് എന്നാൽ സൂപ്പർവിഷൻ ചാർജിനത്തിൽ കെ.എസ്.ഇ.ബിക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം, പൂർത്തീകരണ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ക്രൂസിന് നൽകിയ 3,36,344 രൂപയും കെ.എസ്.ഇ.ബിക്ക് നൽകിയ 40,000 രൂപയും ഉൾപ്പെടെ 3,76,344/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 പൊതു ടാപ്പുകളുടെ വെള്ളക്കരം - ജലഅതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയില്ല.

ഗ്രാമപഞ്ചായത്ത് പ്രതിമാസം174 കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 76,125/

രൂപ വീതം ജല അതോറിറ്റിയിൽ അടവാക്കുന്നുണ്ട്. എന്നാൽ ജല അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവ കണ്ടെത്തി ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളൂവെന്ന് ഉറപ്പുവരുത്താൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ജല അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്താനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ - ചെലവഴിക്കാൻ ബാക്കിയുള്ള തുക തിരികെ ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് മുൻവർഷങ്ങളിൽ ആരംഭിച്ച വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി കേരള വാട്ടർഅതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗസാക്ഷ്യപത്രം വാട്ടർ അതോറിറ്റി എക്സി.എഞ്ചിനീയറുടെ 23-9-16 ലെ എ1-3897/16 നമ്പർ പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | അടങ്കൽ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | 179/13-14, പൊതുടാപ്പുകൾ മാറ്റി സ്ഥാപിക്കൽ | 17,500 | 16,504 | 996 |
| 2 | 14/14-15,കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 4,20,000 | 3,70,350 | 49,650 |
| 3 | 24/14-15,പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 3,10,000 | 2,47,757 | 62,243 |
| | | | ആകെ | 1,12,889 |

മേൽതുക വാട്ടർ അതോറിറ്റിയിൽ നിന്നും അടിയന്തിരമായി തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 സമയപരിധിക്കകം എഗ്രിമെന്റ് വെക്കാത്തത് - നിയമാനുസൃത പിഴ ഈടാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ,

2015-16 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രവൃത്തികൾക്ക് കരാറുകാരനുമായി എഗ്രിമെന്റ് വെക്കാൻ കാലതാമസം വന്നിട്ടുണ്ട്.

2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം എഗ്രിമെന്റ് വെക്കാൻ വൈകിയതിന് പി.എ.സിയുടെ 1% നിരക്കിൽ പിഴ ഈടാക്കേണ്ടതുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളുടെ സെലക്ഷൻ നോട്ടീസിൽ ആവശ്യപ്പെട്ടുപ്രകാരം ഫൈൻ ഈടാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | പി.എ.സി | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ | എഗ്രിമെന്റ് വെച്ച തീയതി | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | കൂടാതെ എഗ്രിമെന്റ് വെക്കേണ്ട തീയതി | | |
| 182/15,ചക്കരപ്പാറ കുടുമബക്ഷേമ ഉപകേന്ദ്രം അറ്റകുറ്റപ്പണി | 398976 | വിജേഷ്.സി | 10/03/15 | 20/03/15 | 3990 |
| 184/15,നീർക്കടവ് അംഗൻവാടി അറ്റകുറ്റപ്പണി | 298071 | വിജേഷ്.സി | 10/03/15 | 20/03/15 | 2980 |
| | | | | ആകെ | 6970 |

പിഴയിനത്തിൽ ഈടാക്കേണ്ട 6,970/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു വെക്കേണ്ടതാണ്.

## 3-6 റോഡ് സോളിംഗ് പ്രവൃത്തി - ക്യാഷ് ബിൽ ഹാജരാക്കിയില്ല.67240/-രൂപ തടസപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ,

പ്രോജക്റ്റ് 185/15, എട്ടൊടി റോഡ് സോളിംഗ്

അടങ്കൽ - 7,26,000(3,00,000 വി.ഫ, 4,26,000 ധനകാര്യ കമ്മീഷൻ)

ചെലവ് - 7,25,616

കൺവീനർ - സത്യശീലൻ

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നല്കിയതിൽ താഴെപ്പറയുന്ന പ്രകാരം അപാകങ്ങൾ കാണുന്നു.

പ്രവൃത്തിയുടെ എം.ബുക്ക് (66/13-14) പ്രകാരം ആകെ പ്രവൃത്തിമൂല്യം 6,84,543/- രൂപയാണ്.ഇതോടൊപ്പം നികുതിയി നത്തിൽ 41,073/- രൂപ ഉൾപ്പെടെ 7,25,616/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച കൺവീനറുടെ കണക്ക് പ്രകാരം ചെലവ് 6,85,703/- രൂപയാണ്.ഈ ചെലവിൽ സിമെന്റ് വിലയായി 67,240/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സിമെന്റ് വാങ്ങിയതിനുള്ള കാഷ്ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല.സിമെന്റ് ബിൽ തുക കുറവു ചെയ്താൽ ആകെ പ്രവൃത്തിമൂല്യം (കൺവീനർ കണക്ക് പ്രകാരം) 6,18,463/- രൂപ മാത്രമാണ് വരുന്നത്. കൺവീനർ കണക്കുകൾ ഗുണഭോക്തൃസമിതി അംഗീകരിച്ചിട്ടില്ല.

1. എഞ്ചിനീയർമാർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് ആ തുകയാണ് ഗുണഭോക്തൃസമിതിക്ക് നൽകേണ്ടത്. സിമന്റിന്റെ ക്യാഷ് ബിൽ ഹാജരാക്കാത്തതിനാൽ 67,240/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ -

## നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

2015-16 വർഷത്തിൽ ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കിയ വിവധ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പല പ്രവൃത്തികളും ഗുണഭോക്തൃസമിതി പ്രവൃത്തി സംബന്ധിച്ച നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല .

ഗുണഭോക്തൃകമ്മിറ്റി രൂപീകരിച്ചതായി മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർന്ന് കമ്മിറ്റി യോഗം ചേർന്നതായി മിനുട്സ് ബുക്കിൽ രേഖപ്പെടുത്തി കാണുന്നില്ല. പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലെയും വിവരങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുകയും പ്രവൃത്തിയുടെ വരവുചെലവു കണക്കുകൾ കമ്മിറ്റി അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകളൊന്നും തന്നെ മിനുട്സിൽ നടത്തിയിട്ടില്ല.

സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും എല്ലാ പണമിടപാടുകളും അക്കൗണ്ട് വഴി നടത്തണം എന്നും വ്യവസ്ഥയുണ്ടെങ്കിലും, ഏതാനും പ്രവത്തികളിൽ ബാങ്ക് അക്കൗണ്ട് തുടങ്ങിയതായി കാണിച്ചിട്ടുണ്ടെങ്കിലും, ഇടപാടുകൾ ബാങ്ക് വഴി നടത്തിയതായി കാണുന്നില്ല.

നിർമ്മാണ സാധനങ്ങൾ ക്വട്ടേഷൻ സ്വീകരിച്ച് വാങ്ങാവുന്നതാണെങ്കിലും, ആയതിന് സമിതിയുടെ തീരുമാനം വേണം.വാങ്ങൽ സംബന്ധിച്ച കാഷ്ബിൽ, രശീതി എന്നിവ സൂക്ഷിക്കണം. എന്നാൽ പല പ്രവൃത്തികളിലും ഒരേ കൈപ്പടയിലുള്ള ക്വട്ടേഷനുകളുടെ ഫോട്ടോ കോപ്പികളാണ് സൂക്ഷിച്ചിട്ടുള്ളത്. വാങ്ങൽ സംബന്ധിച്ച വൗച്ചറുകൾ നമ്പറിട്ട് ഫയലിൽ സൂക്ഷിക്കേണ്ടതുണ്ടങ്കിലും ആയതുപ്രകാരം സൂക്ഷിച്ചിട്ടില്ല.

ഗുണഭോക്തൃസമിതി പ്രവൃത്തികൾക്ക് സുതാര്യത ഇല്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഇതിന് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 3-8 മരാമത്ത് പ്രവൃത്തികൾ - രജിസ്റ്ററുകൾ പൂർണ്ണമല്ല.

2015-16 വർഷത്തെ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല.

1. ബിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. കാഷ്ബുക്കിൽ മുഴുവൻ കാഷ് ഇടപാടുകളുടെയും വിവരങ്ങൾ എഴുതിയിട്ടില്ല.ട്രഷറി ബിൽ പ്രകാരം മാറുന്ന തുകകൾ കാഷ്ബുക്കിലും, തനത് ഫണ്ട് ചെലവുകൾ ഡിഡി രജിസ്റ്ററിലുമാണ് എഴുതുന്നത്.അതേ സമയം പല ഇടപാടുകളും കാഷ്ബുക്കിലോ ഡിഡി രജിസ്റ്ററിലോ ചേർത്തിട്ടില്ല.

   ഉദാ - പ്രോജക്ട്. 73/16,അഴീക്കൽ ബസ്സ്സ്റ്റാന്റ് അംഗൻവാടി അറ്റകുറ്റപ്പണി

   പ്രോജക്ട് . 62/16,ഉപ്പായിച്ചാൽ ഓയിൽമിൽ റോഡിന് സമീപം നടപ്പാത നിർമ്മാണം

   187/15 മൈത്രി റോഡ് പുന്നക്കപ്പാറ സോളിംഗ് ടാറിംഗ്

   ഈ രീതി ശരിയല്ല. സ്ഥാപനത്തിന്റെ മുഴുവൻ പണമിടപാടുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.
3. എഗ്രിമെന്റ് രജിസ്റ്ററിൽ എസ്റ്റിമേറ്റ് തുക, പിഎസി, സെക്യൂറിറ്റി, പൂർത്തീകരണ കാലാവധി തുടങ്ങിയ പ്രസക്ത വിവരങ്ങൾ എഴുതിയിട്ടില്ല.
4. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സ്വീകരിച്ച തീയതി, ഇഎംഡി, ടെണ്ടർ അംഗീകരിച്ച തീരുമാനം തുടങ്ങിയ പ്രസക്ത വിവരങ്ങൾ എഴുതിയിട്ടില്ല. തുടർന്ന് സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

## 3-9 പദ്ധതി നടപ്പിലേക്കാൻ ആവശ്യമായ മരുന്നുകൾ യഥേഷ്ടം ലഭ്യമാക്കിയില്ല. 81,020/-രൂപ തടസപ്പെട്ടുത്തുന്നു.

പ്രോജക്റ്റ് 26/16-മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്.

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ ഹോമിയോ.

എസ് സി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 2,00,000/-രൂപ ഡി ഡി നമ്പർ 310724/25-09-2015 പ്രകാരം മുൻകൂറായി മാനേജിങ്ങ് ഡയരക്റ്റർ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 1,18,980/-രൂപയുടെ (ഇൻവോയ്സ് നം 1341/25-09-2015 ലഭിച്ചത്)മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ മാത്രമേ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ.ബാക്കി 81,020/-രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 അംഗൻവാടികളുടെ അടിസ്ഥാനസൗകര്യ വികസനം-അവലോകനം

അഴീക്കോട് ഗ്രാമപഞ്ചായത്തിൽ നിലവിൽ 45 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്.മതിയായ കെട്ടിട സൗകര്യങ്ങളോ, മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാതെയാണ് മിക്ക അംഗൻവാടികളും പ്രവർത്തിക്കുന്നത് എന്ന് ഓഡിറ്റ് വേളയിൽ ഐസിഡിഎസ് സൂപ്പർവൈസർ ലഭ്യമാക്കിയ സ്ഥിതിവിവരകണക്കിൽ നിന്ന് വ്യക്തമാകുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ അംഗൻവാടികൾ | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | കിണർ ഇല്ലാത്തത് | ടോയ് ലെറ്റ് ഇല്ലാത്തത് | വൈദ്യുതീകരിക്കാത്തത് | ചുറ്റുമതിൽ ഇല്ലാത്തത് |
|---|---|---|---|---|---|
| 45 | 9 | 35 | 9 | 5 | 25 |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-3-11 ലെ 31055/ഡി.സി.2/11 നമ്പർ സർക്കുലർ പ്രകാരം സ്വന്തമായി കെട്ടിടങ്ങളുള്ള അംഗൻവാടികളുടെ വാർഷിക അറ്റകുറ്റപ്പണികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തണമെന്നും, അംഗൻവാടികൾ ശിശു സൗഹൃദമാകണമെന്നും വർഷം തോറും മെയ് 10 നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ എല്ലാ അംഗൻവാടികളും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം ടോയ് ലെറ്റ്, കുടിവെള്ളം തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ ഉള്ള കെട്ടിടങ്ങൾ മാത്രമേ വാടകയ്ക്ക് എടുക്കാവൂ എന്ന് നിർദ്ദേശമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന 9 കെട്ടിടങ്ങളിൽ 5 എണ്ണത്തിൽ ടോയ് ലെറ്റ് സൗകര്യവും 7 എണ്ണത്തിൽ കുടിവെള്ളസൗകര്യവും ഇല്ല.ആകെയുള്ള 45 അംഗൻവാടികളിൽ 10എണ്ണത്തിൽ മാത്രമാണ് സ്വന്തമായി കുടിവെള്ള സൗകര്യം ഉള്ളത്.വർഷം തോറും മെയ് 10 നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ എല്ലാ അംഗൻവാടികളും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

കുട്ടികളുടെ സുരക്ഷിതത്വത്തിനും സൗകര്യങ്ങൾക്കും പ്രത്യേക പരിഗണന നൽകിക്കൊണ്ട് അംഗൻവാടികളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2. അംഗൻവാടികളുടെ അടിസ്ഥാനസൗകര്യവികസനം - പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

ജി.ഒ(എംഎസ്) 362/2013/ത.സ്വ.ഭ.വ തീയ്യതി 16.11.13 പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗരേഖ പ്രകാരം അംഗൻവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾഎന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണം എന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, ഇത്തരത്തിലുള്ള പ്രോജക്ടുകളൊന്നും തന്നെ ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. പോഷകാഹാര പദ്ധതിക്കായി 30 ലക്ഷം രൂപ വകയിരുത്തിയതിൽ 29 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അംഗൻവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കാനും ഈ കമ്മിറ്റി കുറഞ്ഞത് മാസത്തിൽ ഒരു തവണയെങ്കിലും വാർഡിലുള്ള അംഗൻവാടികൾ സന്ദർശിച്ച് അംഗൻവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്നതിനും പദ്ധതി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

## 3-11 സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.12,437/-രൂപ തടസപ്പെടുത്തുന്നു.

പ്രോജക്ട് 47/16,സ്വാന്തന ചികിത്സാപദ്ധതി.

നിർവ്വഹണോദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ (സി എച്ച് സ്)

ചെലവ് - 151350(ബിൽ നമ്പർ 16/31-03-2016)

മേൽ ബിൽ പ്രകാരം പിൻവലിച്ച തുകയിൽ 50,000/-രൂപ (ഡിഡി നം68530/04-04-2016) മാനേജിങ്ങ് ഡയരക്ടർ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് മേൽ പദ്ധതിക്കായി മരുന്നുകൾ സപ്ലെ ചെയ്യുവാനായി നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെയായി 37,563/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയത് (ഇൻവോയ്സ് നം 1875/06-07-2016). ബാക്കി 12,437/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ഭവന നിർമ്മാണം പൂർത്തിയാക്കാത്തത്

നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

2012-13, 2013-14 വർഷങ്ങളിൽ തുടങ്ങിയ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | കൈപ്പറ്റാൻ ബാക്കിയുള്ള തുക |
|---|---|---|---|
| എ) ഭവനനിർമ്മാണം (എസ്.സി)-2012-13 | | | |
| 1 | നിരിച്ചൻ രാജീവൻ /അനിത | 1,40,000 | 60,000 |

| | | | |
|---|---|---|---|
| 2 | മനോജ് കൊയിലേരിയൻ/ വിജേഷ് | 20,000 | 1,80,000 |
| ബി) ഭവനനിർമ്മാണം (എസ്.സി)- 2013-14 | | | |
| 1 | ബാബുരാജ് /രസ്ന | 1,40,000 | 60,000 |
| സി) ഭവനനിർമ്മാണം (ജനറൽ)- 2013-14 | | | |
| 1 | സുജാത ടി.കെ | 1,40,000 | 60,000 |
| ഡി) ഭവനനിർമ്മാണം (വിധവ-വനിത) 2013-14 | | | |
| 1 | ലില്ലി ആന്റണി | 1,40,000 | 60,000 |
| 2 | രമണി.എം | 1,40,000 | 60,000 |

ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി - 76,475/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മിസ്ട്രസ്

പ്രോജക്റ്റ് നം160/16 - സുകുമാർ അഴീക്കോട് സ്മാരക സ്കോളർഷിപ്പ്

അടങ്കൽ - 2,00,000( തനത് ഫണ്ട്)

ചെലവ് - ചെക്ക് നമ്പർ 0605428/22-2-16 – 76,000/-(സ്കോളർഷിപ്പ്)

ചെക്ക് നമ്പർ 020065978/22-3-16 – 475/-(മറ്റ് ചെലവുകൾ)

ആകെ 76,475

അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളിലെ ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിലെ മലയാളഭാഷയിൽ മികവ് തെളിയിക്കുന്ന രണ്ട് കുട്ടികൾക്ക് വീതം സ്കോളർഷിപ്പ് നൽകുന്നതിനും, ജില്ലാ സംസ്ഥാന കലോത്സവങ്ങളിൽ മലയാളഭാഷ പ്രസംഗ മത്സരങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നല്കുന്നതിനുമാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടത്. ഇതു പ്രകാരം പദ്ധതിക്കായി തൻവർഷം 76,475/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജി.ഒ(എം.എസ്) 362/2013/ തസ്വഭവ/16-11-13 അനുബന്ധം 16,ഖണ്ഡിക 3-9-1(7) പ്രകാരം വ്യക്തികൾക്ക് പണമായി നൽകുന്ന സഹായം എന്ന പേരിൽ പ്രോജക്റ്റ് നടപ്പിലാക്കുവാൻ പാടില്ല. കൂടാതെ മേൽ ഉത്തരവിന്റെ അനുബന്ധം 16, ഖണ്ഡിക 2(2) പ്രകാരം ഈ മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിന് സബ്സിഡി നൽകുമ്പോൾ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

സർക്കാർ നിർദ്ദേശിച്ച മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 76,475/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 കന്നുകുട്ടിപരിപാലനം പദ്ധതി -വിനിയോഗസാക്ഷ്യപത്രവും മുൻ വർഷങ്ങളിൽ വിനിയോഗിക്കാതെ തിരിച്ചടച്ച തുകയുടെ രേഖകളും ലഭ്യമാക്കിയില്ല.2,68,676/-രൂപ തടസപ്പെടുത്തുന്നു.

നിർവ്വഹണോദ്യേഗസ്ഥൻ-വെറ്ററിനറി സർജൻ

2015-16 വർഷം പ്രത്യേക കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയുടെ ഭാഗമായി ബിൽ നമ്പർ 9/2015-16 തീയ്യതി 22-03-2016 പ്രകാരം 1,18,750 രൂപയും ബിൽ നമ്പർ 4/2015-16 തീയ്യതി 04-03-2016 പ്രകാരം 1,93,750 രൂപയും അടക്കം ആകെ 3,12,500/-രൂപ (പ്രൊജക്ട് നം 42/16) ഡെപ്യൂട്ടി ഡയരക്ടർ എസ് എൽ ബി പി, കണ്ണൂരിന് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 43,824/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ബാക്കി 2,68,676/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ഹാജരാക്കേ ണ്ടതാണ്.

മുൻവർഷങ്ങളിൽ ഡ്രോപ്പ് ഔട്ട്, മറ്റ് കാരണങ്ങളാൽ ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും ഒഴിവായി പോയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2012-13 വർഷത്തിൽ നൽകിയ തുകയിൽ 7,980/-രൂപയും 2013-14 വർഷത്തിൽ നൽകിയ തുകയിൽ 19,120.50/- രൂപയും സഞ്ചിതനിധിയിലേക്ക് ഡെപ്യൂട്ടി ഡയരക്ടർ എസ് എൽ ബി പി തിരിച്ചടച്ചതായി അറിയിച്ചിട്ടുണ്ട്. തിരിച്ചടവിന്റെ അസ്സൽ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. തൻവർഷം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്ത 2,68,676/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 3-15 ഐ.എ.വൈ ഭവനനിർമ്മാണപദ്ധതി - അപാകങ്ങൾ -2,40,000/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ(സൗത്ത്)

പ്രോജക്റ്റ് നം.-31/16 ഐ.എ.വൈ ഭവനപദ്ധതി(ജനറൽ)ബ്ലോക്ക് പഞ്ചായത്തിന് കൈമാറൽ

അടങ്കൽ -10,00,000(വി.ഫ)

ചെലവ് - ഡി.ഡി.നം 985288/1-2-16 - 7,80,000

ഡി.ഡി.നം27008/15-4-16 – 20,000

മേൽ പദ്ധതിക്ക് വേണ്ടി 40 ഗുണഭോക്താക്കളുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി 8,00,000/- രൂപ കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ചെലവ് തുകയുള്ള വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 5,60,000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുകയുണ്ടായി.

ശ്രീമതി ഉഷാദേവി, സുഹറാബി സാജിദ.പി.പി, സാജിദ മുല്ലോളി, കനകവല്ലി.ടി.പി എന്നീ ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക തിരിച്ചടക്കുവാൻ തയ്യാറാണെന്ന് അറിയിച്ചതായി വി.ഇ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.മേൽ ഗുണഭോക്താക്കൾ തുക തിരിച്ചടക്കുന്ന മുറയ്ക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക തിരികെ ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം തൊട്ടടുത്ത വർഷം പ്രസ്തുത പദ്ധതിയിലെ അർഹരായ മറ്റ് ഗുണഭോക്താക്കൾക്ക് ക്രമീകരിച്ച് നൽകുകയോ ചെയ്ത് ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്ത ചെലവുതുകയായ

2,40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല – ചെലവുതുക 34,500/- തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ - ഹെഡ് മിസ്ട്രസ്(ജി.എഫ്.എൽ.പി.എസ്)

പ്രോജക്റ്റ് നമ്പർ 23/16, തുടർവിദ്യാഭ്യാസ പരിപാടി

അടങ്കൽ - 2,00,000(വി.ഫണ്ട്),19,600( തനത് ഫണ്ട്)

ചെലവ് - 1,63,241/-( ബിൽ 1/15-16, 29-3-16 )

മേൽ പദ്ധതി പ്രകാരം പിൻവലിച്ച തുകയിൽ 34,500/- രൂപ ഡി.ഡി.നം.267981/31-3-16 പ്രകാരം23 ഗുണഭോക്താക്കളുടെ പത്താംതരം തുല്യതാകോഴ്സ് ഫീസിനത്തിൽ ജില്ലാ സാക്ഷരതാമിഷന് നൽകിയിട്ടുണ്ട്.എന്നാൽ മേൽചെലവ് തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ ചെലവുതുക 34,500/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-17 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

വരവു ചെലവു കണക്കുകൾ

| വർഷം | മുന്നിരിപ്പ് | വരവ്+പലിശ | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| 2015-16 | 2,107 | 2,18,361.3 | 2,20,468.3 | 2,17,896 | 2,572.3 | 98 |

ഭരണച്ചെലവ്

| വർഷം | ആകെ ചെലവ് | യഥാർത്ഥ ഭരണച്ചെലവ് | 6% ഭരണച്ചെലവ് | അധികം | അധികം % |
|---|---|---|---|---|---|
| 2015-16 | 21,31,827 | 2,17,896 | 1,27,909 | 89,987 | 4 |

ഭരണച്ചെലവ് പരിധി കടന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2015-16 വർഷത്തിലെ വാർഷിക പദ്ധതി പ്രകാരം 233 പ്രവൃത്തികൾ നിർദ്ദേശിച്ചതിൽ 115 പ്രവൃത്തികൾ മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്.ഇതിൽ 83 പ്രവൃത്തികൾ മാത്രമേ തൻവർഷം പൂർത്തിയാക്കിയിട്ടുള്ളു.

950 കുടുംബങ്ങൾ തൊഴിലിനായി രജിസ്റ്റർ ചെയ്തതിൽ 386 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. 386 പേർക്ക് ആകെ 14952 തൊഴിൽ ദിനങ്ങളാണ് ലഭ്യമായിട്ടുള്ളത്. ഒരാൾക്ക് ശരാശരി 38 തൊഴിൽ ദിനങ്ങൾ മാത്രമെ ലഭ്യമാക്കാൻ സാധിച്ചിട്ടുള്ളൂ. ഇതിൽ നൂറുദിനതൊഴിൽ നേടിയത് 22 പേർ മാത്രമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2,38,500 | 33/16 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർ ഷിപ്പ്. | 2,38,500 | 0 |
| ബ്ലോക്ക് പഞ്ചായത്ത്. | 2,38,500 | 33/16 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർ ഷിപ്പ്. | 2,38,500 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

(i)

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 34,33,580 |
| തൻവർഷം നിക്ഷേപിച്ച തുക | 3,47,702 |
| ആകെ | 37,81,282 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 37,81,282 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| ജില്ല ബാങ്ക് അഴിക്കോട് | 8,48,084 | 2836 dt 16-01-16 |

| | | |
|---|---|---|
| | 2,97,847 | 238924 dt 14-09-2015 |
| | 4,43,183 | 036096 dt 16-01-2016 |
| | 3,95,680 | 269246 dt 29-03-2016 |
| അഴിക്കോട് സർവ്വീസ് സഹകരണബാങ്ക് | 17,71,488 | 002001047701 dt 20-01-2016 |
| ഷെയർ ജില്ല കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി | 5,000 | 0045 dt 20-07-2015 |
| ഷെയർ-മലബാർ ടൂറിസം പറശ്ശിനിക്കടവ് | 20,000 | 0203 dt 18-11-2004 |
| ആകെ | 37,81,282 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2001-02, ഖ നം. 4 | 2003-04 ഖ നം. 4 | പൊയ്യുംകടവ് സ്രാമ്പി റോഡ് പരിഷ്കരണം അപാകത | തടസം നിലനിൽക്കുന്നു. |

| | | | |
|---|---|---|---|
| 2001-02<br>ഖ.നം. 11 | 2003-04<br>ഖ.നം. 11 | മത്സ്യതൊഴിലാളി ഇന്ധന സബ്സിഡി | തടസം നിലനിൽക്കുന്നു. |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രി കളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക്ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1. | സാമൂഹ്യാരോഗ്യ കേന്ദ്രം,അഴീക്കോട് | 2002 | സമർപ്പിച്ചിട്ടില്ല. | - | - | - | - | വകുപ്പ്തല ഓഡിറ്റ് നടത്തിയതായി നിർവ്വഹണോ ദ്യോഗസ്ഥൻ അറിയിച്ചു. |

## 4-9 ഓഡിറ്റ് ഇംപാക്ട്

താഴെ പറയുന്ന തുകകൾ ഓഡിറ്റ് തടസവാദത്തെ തുടർന്ന് ഓഡിറ്റ് വേളയിൽ തിരിച്ചടക്കുകയുണ്ടായി.

| ക്രമ നം | എൻ ക്വയറി നം | വിഷയം | തിരിച്ചടച്ച തുക | റസീറ്റ് നം /തീയതി |
|---|---|---|---|---|
| 1 | 15/28.10.16 | ഡി ആന്റ് ഒ ലൈസൻസ് ഈടാക്കിയതിൽ കുറവ് | 1,800 | 1604108393/31-10-2016<br>1604108394/31-10-2016<br>1604108395/31-10-2016<br>1604108385/31-10-2016 |

| | | | | |
|---|---|---|---|---|
| 2 | 09/27-10-2016 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 310 | 1604108269/28-10-2016<br>1604108270/28-10-2016 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 4,48,41,049 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 6,18,04,795 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27,460 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,56,692 |

*Receipt & Payment Statement പ്രകാരം

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | ഇല്ല | 20,490 + പലിശ | ശ്രീ.വി രഘുധരൻ,സെക്രട്ടറി |
| 3-5 | ഇല്ല | 6,970 | ശ്രീമതി.ശിഖ കെ, അസി.എഞ്ചിനിയർ |

| | | | |
|---|---|---|---|
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3,76,344 | ശ്രീ.വി.രഘുധരൻ, സെക്രട്ടറി |
| 3-6 | 67,240 | ശ്രീ.സിവി മോഹനൻ, അസി.എഞ്ചിനീയർ |
| 3-9 | 81,020 | ശ്രീ.ഡോ.രാമസുബ്രഹ്മണ്യൻ<br>മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 3-11 | 12,437 | ഡോ.ബി.സന്തോഷ്,<br>മെഡിക്കൽ ഓഫീസർ (സി എച്ച് സി) |
| 3-13 | 76,475 | ശ്രീമതി.ലതിക ആർ, ഹെഡ് മിസ്ട്രസ് |
| 3-14 | 2,68,676 | ശ്രീമതി.ഡോ.ഒ എം അജിത, വെറ്ററിനറി സർജൻ |
| 3-15 | 2,40,000 | ശ്രീമതി.ശബാന വി പി ,വി ഇ ഒ (സൌത്ത്) |
| 3-16 | 34,500 | ശ്രീമതി.ലതിക ആർ, ഹെഡ് മിസ്ട്രസ് |
| ആകെ തുക | 11,56,692 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി രഘുധരൻ,സെക്രട്ടറി | സെക്രട്ടറി,അഴീക്കോട്<br>ഗ്രാമപഞ്ചായത്ത്. | തനിമ,അരയാല,<br>(പി ഒ)അരോളി,കണ്ണൂർ |
| ശിഖ | ലഭ്യമല്ല | ദേവാമൃതം .പി ഒ |

| | | |
|---|---|---|
| കെ,അസി.എഞ്ചിനീയർ | | കീഴല്ലൂർ,കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | നം എൽ എഫ് കെ എൻ ആർ സി 6/1535/2003 തീയ്യതി 12-02-2004 | 2 |
| 2002-03 | നം എൽ എഫ് കെ എൻ ആർ സി 6/1535/2003 തീയ്യതി 12-02-2004 | 12 |
| 2003-04 | നം എൽ എഫ് കെ എൻ ആർ സി 1/228/2009 തീയ്യതി 18-03-2009 | 11 |
| 2004-05 | നം എൽ എഫ് കെ എൻ ആർ സി 1/398/2011 തീയ്യതി 12-12-2011 | 9 |
| 2005-06 | നം എൽ എഫ് കെ എൻ ആർ സി 11/766/2010 തീയ്യതി 20-08-2010 | 14 |

| | | |
|---|---|---|
| 2006-07 | നം എൽ എഫ് കെ എൻ ആർ സി 11/1556/2014 തീയ്യതി 09-05-2013 | 15 |
| 2007-08 | നം എൽ എഫ് കെ എൻ ആർ സി 8/324/2012 തീയ്യതി 27-11-2014 | 13 |
| 2008-09 | നം എൽ എഫ് കെ എൻ ആർ സി 11/1556/2014 തീയ്യതി 27-11-2014 | 5 |
| 2009-10 | നം എൽ എഫ് കെ എൻ ആർ സി 11/1556/2014 തീയ്യതി 27-11-2014 | 11 |
| 2010-11<br>2011-12 | നം എൽ എഫ് കെ എൻ ആർ സി 11/1211/2013(2) തീയ്യതി 01-08-2014 | 19 |
| 2012-13 | നം എൽ എഫ് കെ എൻ ആർ സി 11/1264/2015 തീയ്യതി 16-09-2015 | 6 |
| 2013-14<br>2014-15 | കെ എസ് എ കെ എൻ ആർ സി11-1428/2016<br>തീയ്യതി 06-08-2016 | 32 |

| | | | |
|---|---|---|---|
| | | | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Annexure - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No KSA/KNR /സി110/1989/2016

KERALA STATE AUDIT DEPARTMENT

DISTRICT AUDIT OFFICE,KANNUR

PHONE 04972707698

E-mail *lfaddistofficeknr@gmail.com*

Dated.07.01.2017

Certified that I have audited the Annual Financial Statement of Azheekode Grama Panchayath in Kannur District for the year ended 31.03.16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion , the Financial Statements of Azheekode Grama Panchayath for the year 2015-16 except the observations in my audit report and the defects noted below properly presents the picture of income and expenditure.

Deputy Director ,

District Audit Office. Kannur

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം കെ എസ് എ കെ എൻ ആർ/സി.10/1989 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ 04972707698

ഇ – മെയിൽ lfaddistofficeknr@gmail.com

തീയതി:07.01.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ ,

ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2

# Azhikode Grama Panchayat Receipt and Payment Statement For the period from 01 April 2015 to 31 March 2016

| Code | Head of Account | Schedule | Amount |
|---|---|---|---|
| Opening Balance | | | |
| | Bank | RP-40(a) | 59853565.55 |
| | Cash | RP-40(a) | 263806.00 |

| | | | |
|---|---|---|---|
| | | | |
| Receipts | | | |
| Operating<br>110000000 | Tax Revenue | RP-1 | 1599330.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 5750.00 |
| 140000000 | Fees & User charges | RP-4 | 702251.00 |
| 150000000 | Sale & Hire charges | RP-5 | 137199.00 |
| 151000000 | Receipts from transferred institutions | RP-6 | 0.00 |
| 160000000 | Revenue Grants Funds, Contributions & Compensations | RP-7 | 14516239.00 |
| 171000000 | Interest Earned | RP-9 | 535784.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 21507973.00 |
| 350000000 | Other liabilities | RP-36 | 125481.00 |
| Non Operating | | | |
| 180000000 | Other income | RP-10 | 6950.00 |

| | | | |
|---|---|---|---|
| 311000000 | Ear marked Funds | RP-29 | 8312.00 |
| 340000000 | Deposits Received | RP-34 | 296086.00 |
| 350000000 | Other Liabilities | RP-36 | 198380.00 |
| 431000000 | Sundry Debtors(Receivables) | RP-43 | 5057314.00 |
| 460000000 | Loans, Advances and Deposits | RP-47 | 144000.00 |
| Grand Total 104958420.55 | | | |
| Payments | | | |
| Operating 210000000 | Establishment expenses | RP-11 | 2612256.00 |
| 220000000 | Administrative expenses | RP-12 | 1,170061.00 |
| 230000000 | Operations & Maintenance | RP-13 | 2648419.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4506783.00 |
| 251000000 | Decentralised Plan Programme-Servicce Sector | RP-16 | 14300855.00 |
| 252000000 | Decentralised Plan Programme-Infrastructure sector | RP-17 | 2286067.00 |
| 253000000 | Decentralised PlanProgramme-Projects notincluded | RP-18 | 1064412.00 |

| | | | |
|---|---|---|---|
| | in Sector Vision | | |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes(not in ) | RP-19 | 434903.00 |
| 255000000 | Maintenance Projects | RP-20 | 7475343.00 |
| 256000000 | Other Revenue Grants & Funds-Revenue Expenses | RP-21 | 29640.00 |
| 280000000 | Prior Period item | RP-26 | -164432.00 |
| 320000000 | Grants,funds & contributionsfor specific purposes | RP-31 | 1228735.00 |
| 350000000 | Other Liabilities | RP-36 | 4368117.00 |
| Non operating | | | |
| 280000000 | PriorPeriod Item | RP-26 | -656.00 |
| 340000000 | Deposits Received | RP-34 | 167700.00 |
| 350000000 | Other liabilities | RP-36 | 2028317.00 |
| 410000000 | Fixed Assets | RP-38 | 17314538.00 |
| 460000000 | Loand, Advances and Deposits | RP-47 | 333737.00 |
| Closing Balance | | | |

| | | | |
|---|---|---|---|
| | Bank<br>Cash | RP-40(b)<br>RP-40(b) | 43030693.55<br>122932.00 |
| | GrandTotal | | 104958420.55 |

//true copy//

**അനുബന്ധം-3**

# AZHIKODE GRAMAPANCHAYAT Income & Expenditure Statement For the period from 01 April 2015to 31March 2016

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| 110000000 | Tax Revenue | I-1 | 6438103.00 |
| 130000000 | Rental income from Panchayat Properties | I-3 | 638270.00 |
| 140000000 | Fees & User charges | I-4(b) | 872024.00 |
| 150000000 | Sale & Hire charges | I-5(b) | 137449.00 |
| 151000000 | Receiptsfrom transterred Institutions | I-5(a) | 0.00 |
| 160000000 | RevenueGrants, Funds, contributions & Compensations | I-6 | 96103353.00 |

| | | | |
|---|---|---|---|
| | | | |
| 170000000 | Income from investments | I-7 | 347702.00 |
| 171000000 | Interest Earned | I-8 | 535784.00 |
| 180000000 | Other Inceme | I-9 | 6950.00 |
| A | Total Income | | 105079635.00 |
| | Expenditure | | |
| 210000000 | Establishment Expnses | I-10(b) | 8654560.00 |
| 220000000 | Administrative Expenses | I-11(b) | 1170023.00 |
| 230000000 | Operations & Maintenance | I-12(b) | 2648969.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 7013597.00 |
| 251000000 | Decentralised Plan Programme - Service sector | I-14(a) | 14026041.00 |
| 252000000 | Decentralised Plan Programme - Infrastructure | I-14(b) | 2286067.00 |

| | | | |
|---|---|---|---|
| | Sector | | |
| 253000000 | Decentralised Plan Programme-Projects not included in sector division | I-14(c) | 1064412.00 |
| 254000000 | Expenditures of Transfererred Institutions & State Sponsored Schemes(not included underDecentralised Plan Programme) | I-14(d) | 51460883.00 |
| 255000000 | Maintenance Projects | I-14(e) | 7475343.00 |
| 256000000 | Other revenue grants & funds – Revenue Expenses | I-15(a) | 29640.00 |
| 270000000 | Provisions & Write off | I-16 | 14333.00 |
| 272000000 | Depreciation | I-17(a) | 5544869.00 |
| B | Total Expenditure | | 101388737.00 |
| C=A-B | Gross Surplus/Deficit of Income overExpenditure | | 3690898.00 |

| | | | |
|---|---|---|---|
| | | | |
| D=280000000 | Prior Period item | I-18 | 2174143.00 |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items<br>Transfer to Reserve Funds | | 1516755.00 |
| | Net balance being surplus/deficit carried over to Balance Sheet (Panchayat Fund) | | 0.00 |

## അനുബന്ധം-4

# AZHIKODE GRAMA PANCHAYAT BALANCE SHEET As on 31March 2016

| Code No. | Description of Items | Schedule No. | Amount |
|---|---|---|---|
| Liabilities | | | |
| | Reserve & Surplus | | |

| | | | |
|---|---|---|---|
| 310000000 | Municipal (General)Fund (CodeNo.310) | B-1 | 44911669.72 |
| 311000000 | Ear marked Funds | B -2 | 8412.00 |
| 312000000 | Reserves | B-3 | 53382548.00 |
| | Total Reserves& Surplus | | 98302629.72 |
| | Grants contributions for specific purposes | | |
| 320000000 | Grants,funds&contributions for specific purposes | B-4 | 1841013.01 |
| | Total Grants contributions for specific purposes | | 1841013.01 |
| Current liabilities and provisions | | | |
| 340000000 | Deposits Received | B-7 | 2218392.00 |
| 341000000 | Deposit works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 1652834.82 |
| | Total Current liabilities & Provisions | | 3871226.82 |
| | Total Liabilities | | 104014869.55 |
| ASSETS | | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 69304777.00 |
| 411000000 | Accumulated Depreciation | B-11 | (14785358.00) |
| 412000000 | Capital work in progress | B-11(a) | 0.00 |
| | Total fixed assets | | 54519419.00 |
| | Investments | | |
| 420000000 | Investments | B-12 | 3781282.00 |
| | Total investments | | 3781282.00 |
| Current Assets,Loans and advances | | | |
| 430000000 | Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors(receivables) | B-15 | 827848.00 |
| 450000000 | Cash & Bank balance | B-17 | 43153625.55 |
| 460000000 | Loans Advances and deposits | B-18 | 1732695.00 |
| | Total current assets, loans and advances | | 45714168.55 |
| | TOTAL ASSETS | | 104014869.55 |